# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1356

22.03.2013ൽ
മറുപടിക്ക്

### <u>തൊഴിലുറപ്പ് പദ്ധതി പ്രകാരം 100 ദിവസം തൊഴിൽ</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്ത് പ്രതി വർഷം എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. | എ) കേന്ദ്രസർക്കാർ പാസ്സാക്കിയ ലേബർ ബഡ്ജറ്റ് പ്രകാരം പദ്ധതിയിൻ കീഴിൽ 2010-11 സാമ്പത്തിക വർഷം 628.74 ലക്ഷം തൊഴിൽ ദിനങ്ങളും 2011-12 സാമ്പത്തിക വർഷം 534.62 ലക്ഷം തൊഴിൽ ദിനങ്ങളും 2012-13 സാമ്പത്തിക വർഷം 833.69 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാൻ ലക്ഷ്യമിട്ടിരുന്നു. 2013-14 സാമ്പത്തിക വർഷ‍ 875.57 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്. |
| ബി) 2011-12 വർഷം ഓരോ കുടുംബത്തിനും ലഭ്യമായ തൊഴിൽ ദിനങ്ങൾ എത്രയായിരുന്നു; | ബി) 2011-12 സാമ്പത്തിക വർഷം 1416441 കുടുംബങ്ങളിൽ നിന്നായി 63309610 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. ഒരു കുടുബത്തിന് ശരാശരി 45 തൊഴിൽദിനങ്ങൾ നൽകുവാൻ കഴിഞ്ഞു. |
| സി 2012-13 വർഷം ഇതേ വരെ ലഭ്യമായ തൊഴിൽദിനങ്ങൾ എത്രയാണ്; | സി) 2012-13 വർഷം 16/03/2013 വരെ ലഭ്യമായ തൊഴിൽ ദിനങ്ങൾ 75425644 ആണ് |
| ഡി) ഈ വർഷം ഇതേ വരെ നൂറ് ദിവസമെങ്കിലും തൊഴിൽ ലഭിച്ച എത്ര | ഡി) 2012-13 വർഷം 16.03.2013 വരെ 100 ദിവസം തൊഴിൽ ലഭിച്ച |

| | |
|---|---|
| കുടുംബങ്ങളുണ്ടെന്ന് അറിയിക്കുമോ; | കുടുംബങ്ങൾ 197073 ആണ്. |
| ഇ) മറ്റ് സംസ്ഥാനങ്ങളെക്കാൾ കേരളത്തിൽ പ്രസ്തുത പദ്ധതിയിൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയതിൽ കുറവുണ്ടായിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | ഇ) ഇല്ല. |
| എഫ്) എങ്കിൽ അപ്രകാരം തൊഴിൽ ദിനങ്ങൾ കുറയാനുണ്ടായ സാഹചര്യവും അത് പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ? | എഫ്) ബാധകമല്ല. |

സെക്ഷൻ ഓഫീസർ